**MOST URGENT–TIME LIMIT**

ഡി2/24545/എസ്.റ്റി.എ/2015.

ട്രാൻസ് പോർട്ട് കമ്മീഷണറേറ്റ്,
ട്രാൻസ് ടവേഴ്സ്, തൈക്കാട്.പി.ഓ,
വഴുതക്കാട്, തിരുവനന്തപുരം-14.
ഫോൺ : 0471 -2333317, 2333337.
ഫാക്സ് : 0471-2333314, 2333323.
ഇ-മെയിൽ: tcoffice@keralamvd.gov.in,
തീയതി: 05.01.2016.

പ്രേഷകൻ

ട്രാൻസ് പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

1) എല്ലാ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാരും
2) എല്ലാ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാർ (Enforcement)
3) എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാരും
4) എല്ലാ ചെക്ക് പോസ്റ്റുകളിലെയും മോട്ടോർ വാഹന ഇൻസ് പെക്ടർമാരും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ചില ടൂറിസ്റ്റ് ബസ്സുകളിൽ സാധനങ്ങൾ അനധികൃതമായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് സംബന്ധിച്ച്

സൂചന:- ബഹു: കേരള ഹൈക്കോടതി മുമ്പാകെ താങ്കൾ ഫയൽ ചെയ്ത **WP (C) No. 37083/2015** ൽ 08.12.2015 തീയതിയായുള്ള വിധി ന്യായം.

**WP (C) No. 37083/2015** ലെ വിധി ന്യായത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ചില ടൂറിസ്റ്റ് ബസ്സുകളിൽ സാധനങ്ങൾ അനധികൃതമായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്ന വിഷയത്തിൽ ബഹു: കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP (C) No. 37083/2015** ന്റെ വിധി ന്യായത്തിൽ ടി വിധി ന്യായം, ഈ ഓഫീസിൽ ലഭിച്ച് ഒരു മാസത്തിനകം ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു: കേരള ഹൈക്കോടതി നിർ ദ്ദേശിച്ചിരിക്കുന്നു.

ടൂറിസ്റ്റ് ബസ്സുകളിൽ സാധനങ്ങൾ അനധികൃതമായി കടത്തുന്നതുമായ് ബന്ധപ്പെട്ട് പരാതികളും ഈ ഓഫീസിൽ ലഭിക്കുന്നു.

ടൂറിസ്റ്റ് ബസ്സുകളിൽ വാണിജ്യാവശ്യത്തിനായി സാധനങ്ങൾ അന്യ സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് അനധികൃതമായി കടത്തുന്നുണ്ടോ എന്നത് കണ്ടുപിടിക്കുന്നതിനായി മോട്ടോർ വാഹന ഇൻസ് പെക്ടർമാർ ചെക്ക് പോസ്റ്റിൽ വച്ച തന്നെ **കർശന പരിശോധന നടത്തുകയും** എല്ലാ Enforcement റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാരും ഇത്തരം നിയമ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി വഴിയിൽ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

ഇത്തരം നിയമ ലംഘനങ്ങൾ സംസ്ഥാനത്തിനകത്ത് വച്ച് കാണപ്പെടുകയാണെങ്കിൽ ഏത് ചെക്ക് പോസ്റ്റ് വഴിയാണ് വാഹനം കടന്നു വന്നതെന്നും ടി നിയമ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതാണോ എന്നും **പ്രത്യേക റിപ്പോർട്ട് നൽ കേണ്ടതാണ്.**

ഈ വിഷയത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് എല്ലാ ഉദ്യോഗസ്ഥന്മാരും **08.01.2015 ന് മുമ്പായി അറിയിക്കണമെന്നും** നിർ ദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
ട്രാൻസ് പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

അംഗീകാരത്തോടെ,

5.1.15

സീനിയർ സൂപ്രണ്ട്.

05.01.2015